നം.ബി2/41/2026/സി ഇ ഇ

**കേരള സർക്കാർ**

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം

KSRTC ബസ് ടെർമിനൽ കോംപ്ലക്സ്(ഏഴാം നില)തമ്പാനൂർ

തിരുവനന്തപുരം-695001

## വിജ്ഞാപനം

## പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ഒഴിവുകൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നികത്തുന്നതിനായി അപേക്ഷ ക്ഷണിക്കുന്നതു സംബന്ധിച്ച്

തിരുവനന്തപുരം, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ താഴെ പറയുന്ന തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിലേക്കായി അപേക്ഷ ക്ഷണിക്കുന്നു. പ്രവേശന പരീക്ഷാ കമ്മീഷണർ നേരിട്ട് കൂടിക്കാഴ്ച നടത്തിയ ശേഷം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**1. ടൈപ്പിസ്റ്റ് (ഒഴിവ് - 1)**

ശമ്പള സ്കെയിൽ - (26500-60700)

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ/സ്വയംഭരണ സ്ഥാപനങ്ങളിൽ തത്തുല്യമായ തസ്തികകളിൽ സമാന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്.

**2. നൈറ്റ് വാച്ച്മാൻ (ഒഴിവ് - 1)**

ശമ്പള സ്കെയിൽ - (23000-50200)

സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകളിൽ/സ്വയംഭരണ സ്ഥാപനങ്ങളിൽ തത്തുല്യമായ തസ്തികകളിൽ സമാന ശമ്പള സ്കെയിലിൽ ജോലി ചെയ്യുന്നവർക്ക് പ്രസ്തുത തസ്തികയിലേക്ക് അപേക്ഷിക്കാവുന്നതാണ്

താത്പര്യമുള്ള ജീവനക്കാർ കെ.എസ്.ആർ-144 അനുസരിച്ചുള്ള പ്രൊഫോർമയും, ബയോഡേറ്റയും വകുപ്പ് മേധാവിയുടെ കാര്യാലയത്തിൽ നിന്നുള്ള നോ ഒബ്ജഷൻ സർട്ടിഫിക്കറ്റും ഉൾപ്പെടെ ഓഫീസ് മേലധികാരികൾ മുഖേന 2026 ആഗസ്റ്റ് 5 ന് മുൻപ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, KSRTC ബസ് ടെർമിനൽ കോംപ്ലക്സ്(ഏഴാം നില), തമ്പാനൂർ തിരുവനന്തപുരം-1 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

Digitally signed by
Shibu A
Date: 24-07-2026
15:34:56

**പ്രവേശനപരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**24-07-2026**